(ബി) ഇത് എന്നത്തേക്ക് പണി പൂർത്തിയാക്കി വിശ്രമകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് നിർമ്മിക്കുന്ന വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആഗസ്റ്റ് ആദ്യവാരത്തിൽ ടി വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

വിദേശ രാജ്യങ്ങളുടെ സഹായത്തോടെ മത്സ്യകൃഷി

112 [3259] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായത്താൽ സംസ്ഥാനത്തെ ഏതെല്ലാം മേഖലകളിൽ ഏതെല്ലാം മത്സ്യകൃഷികളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ സ്ഥലത്ത് ചെമ്മീൻ വളർത്തി വരുന്നു; അതിൽ വിദേശ സഹായത്തോടുകൂടി ചെമ്മീൻ കൃഷി നടത്തുന്നത് എത്ര ഹെക്ടർ സ്ഥലത്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിദേശ സഹായത്തോടുകൂടിയുള്ള മത്സ്യകൃഷി നിലവിലില്ല.

(ബി) 4244.04 ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തി വരുന്നു. വിദേശ സഹായത്തോടെയുള്ള ചെമ്മീൻ കൃഷി പദ്ധതി ഇപ്പോൾ നിലവിലില്ല.

ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷൻ ശുപാർശകൾ

113 [3260] ശ്രീ. ബിനോയ് വിശ്വം :

" പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം സംബന്ധിച്ച ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷൻ 1989-ൽ സമർപ്പിച്ച പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 1999-ൽ വീണ്ടും നിലവിൽ വന്ന ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഈ കമ്മീഷനുകളുടെ ശുപാർശകളിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly